# ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം

**Ph : 0471-2322833, 2322844, Fax : 0471-2322855**
**Email : foodsafetykerala@gmail.com**
**Website : www.foodsafety.kerala.gov.in**


## പത്രക്കുറിപ്പ്

സംസ്ഥാനത്തിനകത്തേയ്ക്ക് ഇറച്ചിക്കോഴി, മാംസം എന്നിവ ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ലൈസൻസിംഗ് റഗുലേഷന് വിരുദ്ധമായി കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർക്ക് എതിരെ കർശനമായ പ്രോസിക്യൂഷനും പിഴയും ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്ന് സംസ്ഥാന ഫുഡ് സേഫ്റ്റി കമ്മീഷണർ അറിയിക്കുന്നു.

നിലവിലുള്ള നിയമപ്രകാരം ശാസ്ത്രീയമായ മാർഗ്ഗങ്ങളിൽക്കൂടിമാത്രമേ ഭക്ഷണത്തിനായി ഉപയോഗിക്കുന്ന മാടുകൾ, കോഴി, താറാവ്, മുയൽ, പന്നി എന്നിവയെ കശാപ്പ് ചെയ്യാൻപാടുള്ളൂ. കശാപ്പ് ചെയ്യുന്നതിനുമുമ്പ് പക്ഷിമൃഗാദികൾക്ക് അസുഖങ്ങളില്ലായെന്നും ഭക്ഷ്യയോഗ്യ മാണെന്നും മൃഗഡോക്ടർ സർട്ടിഫൈ ചെയ്യേണ്ടതാണ്. ഇത് കൂടാതെ വൃത്തിഹീനമായ സാഹചര്യങ്ങൾ കശാപ്പ് അനുവദിയ്ക്കുന്നതല്ല. കശാപ്പ് ചെയ്യുന്നവർക്കും മാംസം കൈകാര്യം ചെയ്യുന്നവർക്കും മെഡിക്കൽ സർട്ടിഫിക്കറ്റും നിർബന്ധമാണ്. ഇതുകൂടാതെ ഇത് കൈകാര്യം ചെയ്യുന്ന വ്യാപാരികൾക്കും ലൈസൻസും നിർബന്ധമാണ്.

അന്യസംസ്ഥാനങ്ങളിൽ നിന്നും പച്ചമാംസം കൊണ്ടുവരുന്നവർ ശീതികരണ സംവിധാനമുള്ള പ്രത്യേക വാഹനങ്ങൾ ഇതിനായി ഉപയോഗിക്കേണ്ടതാണ്. ഇവ ഭക്ഷണ പദാർത്ഥങ്ങൾ കൊണ്ടുപോകുന്നതിന് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.

സംസ്ഥാനത്ത് ഭക്ഷണശാലകളിൽ നിന്ന് മാംസാഹാരം കഴിക്കുന്നവർക്ക് ഭക്ഷ്യവിഷബാധ തുടർച്ചയായി റിപ്പോർട്ട് ചെയ്യുന്നതിനാൽ സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകളിൽകൂടിയും മറ്റ് മാർഗ്ഗങ്ങളിൽ കൂടിയും മാംസാഹാരം മേൽ നിർദ്ദേശപ്രകാരം അല്ലാതെക്കൊണ്ടുവരുന്നത് നിയമവിരുദ്ധമായ പ്രവൃത്തിയാതിനാൽ വാഹനങ്ങൾ അടക്കം പിടിച്ചെടുക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയുടെ അതിർത്തിപ്രദേശങ്ങളിലും അമരവിള ചെക്ക് പോസ്റ്റിലും ഇന്നുപുലർച്ചെ ഫുഡ് സേഫ്റ്റി വിഭാഗം നടത്തിയ പരിശോധനയിൽ ഉദ്ദേശം 300 കിലോഗ്രാം ഭക്ഷ്യയോഗ്യമല്ലാത്ത കോഴിയിറച്ചിയും രണ്ട് മോട്ടോർ ബൈക്കും പിടിച്ചെടുത്തിട്ടുണ്ട്.

അതിർത്തി ജില്ലകളിലെ അനധികൃത കോഴികശാപ്പ് ശാലകളിൽ നിന്നും വൃത്തിഹീനമായ സാഹചര്യങ്ങളിലും ശുചിത്വമില്ലാത്ത ചാക്കുകളിലും, പോളീത്തിൻ കവറുകളിലും പ്ലാസ്റ്റിക് ട്രേകളിലുമായി മോട്ടോർ സൈക്കിളുകൾ, മറ്റ് സ്വകാര്യവാഹനങ്ങൾ, സമാന്തരസർവ്വീസുകൾ, തുടങ്ങിയവയിൽകൂടി മാംസം കടത്തുന്നവർക്ക് എതിരെ കർശനമായ നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാഫുഡ് സേഫ്റ്റി ഓഫീസർമാർക്കും, സ്പെഷ്യൽ സ്വകാഡുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**Biju Prabhakar IAS**
(Food Safety Commissioner)

09-08-2012